The Heavenly Light Ministry

യേശു എൻ ആത്മസഖേ! നിൻമാർവ്വിൽ ഞാൻ ചേരട്ടെ
ഈ ലോകമാം വാരിധൌ തിരകൾ ഉയരുന്നേ!
ഘോരമാം കോൽ ശാന്തമായ് തീരുംവരെ രക്ഷകാ
എൻ ജീവനെ കാക്കുക നിൻ അന്തികെ ഭദ്രമായ്

വേറെ സങ്കേതമില്ലേ എനിക്കാശ്രയം നീ താൻ
നാഥാ! കൈവെടിയല്ലേ കാത്തു രക്ഷിക്ക സദാ
കർത്താ നീ എൻ ആശ്രയം തൃപ്പാദം എൻ ശരണം
നിൻ ചിറകിൻ കീഴെന്നും ചേർത്തു സൂക്ഷിച്ചീടേണം

ക്രിസ്തോ! എൻ ആവശ്യങ്ങൾ നിന്നാൽ നിറവേറുന്നു
ഏഴകൾ നിരാശ്രയർക്കാധാരം നീയാകുന്നു
നീതിമാൻ നീ നിർമ്മലൻ മഹാമ്ലേച്ഛൻ ഞാൻ മുററും
പാപി ഞാൻ മഹാപാപീ ഞാൻ കൃപ സത്യം നീ മുററും

കാരുണ്യവാരാന്നിധേ കന്മഷം കഴുകുക
നിത്യജീവവെള്ളമെൻ ചിത്തം ശുദ്ധമാക്കട്ടെ
ജീവനുറവാം നാഥാ! ഞാനേറെ കുടിക്കട്ടെ
എന്നുള്ളിൽ ഉയരുക നിത്യകാലമൊക്കെവെ.